**File No.DCTSR/4286/2020-K1**

**മഴക്കാല മുന്നൊരുക്കങ്ങളുടെ ഭാഗമായി ജില്ലയിൽ സ്വീകരിക്കേണ്ട നടപടികൾ സംബന്ധിച്ച് 20.05.2020 തിയതിയിൽ രാവിലെ 10.00 മണിക്ക് കളക്ടറേറ്റ് കോൺഫറൻസ് ഹാളിൽ ജില്ലാ പഞ്ചായത്ത് പ്രസിഡന്റിന്റെ സാന്നിദ്ധ്യത്തിൽ ചേർന്ന യോഗത്തിന്റെ നടപടികുറിപ്പ്:**

യോഗത്തിൽ താഴെ പറയുന്നവർ പങ്കെടുത്തു.

1. ശ്രീമതി.അഫ്സാന പ്പെർവീൻ, ഐ.എ.എസ്, സബ് കളക്ടർ, തൃശ്ശൂർ.
2. ഡോ.എം.സി.റെജിൽ, ഡെപ്യൂട്ടി കളക്ടർ(ഡി.എം), കളക്ടറേറ്റ്, തൃശ്ശൂർ.
3. ശ്രീമതി. ലതിക. സി., റവന്യൂ ഡിവിഷണൽ ഓഫീസർ, ഇരിങ്ങാലക്കട.
4. ശ്രീ. പി.ടി.പ്രസാദ്, ഡെപ്യൂട്ടി ഡയറക്ടർ ഓഫ് പഞ്ചായത്ത് തൃശ്ശൂർ.
5. ശ്രീമതി സുഗന്ധകുമാരി.കെ.വി, ഡെപ്യൂട്ടി ഡയറക്ടർ(ഫിഷറീസ്), തൃശ്ശൂർ.
6. ശ്രീമതി. സിന്ധു .പി.ഡി, ജില്ലാ സോയിൽ കൺസർവേഷൻ ഓഫീസർ, തൃശ്ശൂർ.
7. ശ്രീ.വിനോദ് .എസ്.വി, ഡിവിഷണൽ ഫോറസ്റ്റ് ഓഫീസർ, വാഴച്ചാൽ.
8. ശ്രീമതി. സെൽവി കുര്യൻ, ഡെപ്യൂട്ടി എക്സിക്യൂട്ടീവ് എഞ്ചിനീയർ, പി.ഡബ്ല്യൂ.ഡി(ബിൽഡിംഗ്സ്), തൃശ്ശൂർ.
9. ശ്രീമതി. സീന.പി.രവീന്ദ്രൻ, അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ, എം.ഐ.സബ് ഡിവിഷൻ, തൃശ്ശൂർ.
10. ശ്രീമതി ബിജി പി.വി, എക്സിക്യൂട്ടീവ് എഞ്ചിനീയർ, പി.ഡബ്ല്യൂ.ഡി(റോഡ്സ്), തൃശ്ശൂർ.
11. ശ്രീ. രാധാകൃഷ്ണൻ, കെ, പ്രൻസിപ്പൽ കൃഷി ഓഫീസർ, തൃശ്ശൂർ.
12. ശ്രീ. ബി.എ. ബെന്നി, അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ, കേരള വാട്ടർ അതോറിറ്റി, നാട്ടിക.
13. ശ്രീ. സി.കെ. സജി, എക്സിക്യൂട്ടീവ് എഞ്ചിനീയർ, കേരള വാട്ടർ അതോറിറ്റി, തൃശ്ശൂർ.
14. ശ്രീ. വാഹദ്. പി, അഡീഷണൽ ഡി.സി.പി, തൃശ്ശൂർ സിറ്റി.
15. ഡോ. അനൂപ്. ടി.കെ, ഡെപ്യൂട്ടി ഡി.എം.ഒ(ആരോഗ്യം), തൃശ്ശൂർ.
16. ശ്രീ. ഷാജി ജോസ്.സി, ഡി.വൈ.എസ്.പി, സി-ബ്രാഞ്ച്, തൃശ്ശൂർ റൂറൽ.
17. ശ്രീ. സുരേഷ്. ടി.ആർ, ഡെപ്യൂട്ടി ചീഫ്, എഞ്ചിനീയർ, കെ.എസ്.ഇ.ബി, ഇരിങ്ങാലക്കട.
18. ശ്രീ. ഡി. പ്രസാദ്, അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ, കെ.എസ്.ഇ.ബി, തൃശ്ശൂർ.
19. ശ്രീ. അനിൽകുമാർ.പി.വി, സൂപ്രണ്ട്, ഡെപ്യൂട്ടി ഡയറക്ടർ ഓഫ് എഡ്യൂക്കേഷൻ, തൃശ്ശൂർ.
20. ശ്രീ. കെ. ബാലശങ്കർ, എക്സിക്യൂട്ടീവ് എഞ്ചിനീയർ, ഇറിഗേഷൻ ഡിവിഷൻ, തൃശ്ശൂർ.
21. ഡോ. റാണി.കെ. ഉമ്മൻ, ജില്ലാ അനിമൽ ഹസ്ബൻഡറി ഓഫീസർ, തൃശ്ശൂർ.
22. ശ്രീ. ജയകൃഷ്ണൻ.ടി.എൻ, അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ, പി.എച്ച്. സബ് ഡിവിഷൻ, കെ.ഡബ്ല്യൂ.എ. നാട്ടിക.
23. ശ്രീ. വിനേഷ്, പി.പി, അസസിസ്റ്റന്റ് എഡിറ്റർ, ജില്ലാ ഇൻഫർമേഷൻ ഓഫീസ്, തൃശ്ശൂർ.
24. ശ്രീ. എം.സി. കിഷോർ, സീനിയർ ജിയോളജിസ്റ്റ്, മൈനിംഗ് & ജിയോളജി, തൃശ്ശൂർ.
25. ശ്രീ. ഡെൽറ്റോ. എൽ. മറോക്കി, റേയ്ഞ്ച് ഫോറസ്റ്റ് ഓഫീസർ, വടക്കാഞ്ചേരി, തൃശ്ശൂർ.
26. ശ്രീമതി. റീന .എ.ജെ., പി.എ to ഇ.ഇ, അഡീഷണൽ ഇറിഗേഷൻ, തൃശ്ശൂർ.
27. ശ്രീമതി നൗഷാബ നാസ് പി.ഡി, ജില്ലാ പ്രൊജക്റ്റ് ഓഫീസർ, കെ.എസ്.ഡി.എം.എ, തൃശ്ശൂർ.

2018, 2019 വർഷങ്ങളിലുണ്ടായിട്ടുള്ള പ്രളയത്തിന്റെ വെളിച്ചത്തിൽ മുൻ കരുതലുകളുടെ ഭാഗമായി ജില്ലയിൽ സ്വീകരിക്കേണ്ട നടപടികളുമായി ബന്ധപ്പെട്ടാണ് യോഗം വിളിച്ചു ചേർത്തിട്ടുള്ളതെന്ന് ജില്ലാ കളക്ടർ ആമുഖമായി അറിയിച്ചു. ജില്ലയിലെ മഴക്കാല മുന്നൊരുക്കങ്ങളുടെ ഭാഗമായി സ്വീകരിക്കേണ്ട നടപടികൾ സംബന്ധിച്ച നിർദ്ദേശങ്ങൾ നൽകികൊണ്ട് 06.05.2020 തിയതിയിൽ ദുരന്തനിവാരണ ആക്റ്റ് പ്രകാരം ഉത്തരവ് പുറപ്പെടുവിച്ചിട്ടുള്ളതാണെന്നും ആയത് ബന്ധപ്പെട്ട ഉദ്യോഗസ്ഥർക്ക് അയച്ചു തന്നിട്ടുള്ളതാണെന്നും ജില്ലാ കളക്ടർ യോഗത്തിൽ അറിയിച്ചു. കൂടാതെ ദുരന്ത നിവാരണവുമായി ബന്ധപ്പെട്ട് വിവിധ വകുപ്പുകൾ സ്വീകരിക്കേണ്ട മാർഗ്ഗ നിർദ്ദേശങ്ങൾ സംബന്ധിച്ച ഓറഞ്ച് ബുക്കിന്റെ കരട് ലഭ്യമായിട്ടുള്ളതാണെന്നും ആയത് ജില്ലയിലെ വിവിധ വകുപ്പുകൾക്ക് ഈ കാര്യാലയത്തിൽ നിന്നും

അയച്ചു കൊടുത്തിട്ടുള്ളതാണെന്നും ഓറഞ്ച് ബുക്കിൽ പരാമർശിച്ചിട്ടുള്ള നിർദ്ദേശങ്ങൾ അതാത് വകുപ്പ് മേധാവികൾ പാലിക്കേണ്ടതാണെന്നും ജില്ലാ കളക്ടർ യോഗത്തിൽ അറിയിച്ചു.

**യോഗ തീരുമാനങ്ങളും നിർദ്ദേശങ്ങളും:-**

1. താലൂക്ക് തലത്തിൽ ഇൻസിഡന്റ് റെസ്പോൺസ് സിസ്റ്റം പൂർണ്ണ തോതിൽ പ്രവർത്തിക്കുന്നുണ്ടെന്ന് സബ് കളക്ടർ തൃശ്ശൂർ, റവന്യൂ ഡിവിഷണൽ ഓഫീസർ ഇരിങ്ങാലക്കുട എന്നിവർ ഉറപ്പുവരുത്തേണ്ടതാണ്.

2. സംസ്ഥാന ദുരന്ത നിവാരണ അതോറിറ്റിയുടെ ഓറഞ്ച് ബുക്കിലെ നിർദ്ദേശങ്ങൾ അതാത് വകുപ്പ് ഉദ്യോഗസ്ഥർ കർശനമായി പാലിക്കേണ്ടതാണ്. ( **നടപടി : എല്ലാ വകുപ്പ് മേധാവികൾക്കും** )

3. അപകടാവസ്ഥയിലുള്ളതും പാടശേഖരങ്ങളിലൂടെയും മറ്റും കടന്നു പോകുന്നതുമായ ഒറ്റപ്പെട്ട് കിടക്കുന്ന പോസ്റ്റുകൾ മഴക്കാലത്തിനു മുൻപു തന്നെ അടിയന്തരമായി നീക്കം ചെയ്യേണ്ടതാണ് .( **നടപടി : കെ.എസ്.ഇ.ബി** )

4. ജില്ലയിൽ പാടശേഖരങ്ങളിൽ / ജലാശയങ്ങളിൽ ജലത്തിന്റെ സ്വാഭാവിക ഒഴുക്കിനു തടസ്സം നേരിടുന്ന വിധത്തിലുള്ള മത്സ്യകൃഷികൾ യാതൊരു വിധ കാരണവശാലും നടത്തുവാൻ പാടുള്ളതല്ല. ( **നടപടി :** ഇറിഗേഷൻ വകുപ്പ് **,ഫിഷറീസ് വകുപ്പ്, പ്രിൻസിപ്പൽ കൃഷി ഓഫീസർ, തൃശ്ശൂർ , ബന്ധപ്പെട്ട തദ്ദേശ സ്വയംഭരണ സ്ഥാപന സെക്രട്ടറിമാർ.** )

5. ജില്ലയിലെ ഡാമുകൾ / റഗുലേറ്ററുകൾ എന്നിവയുടെ ഷട്ടറുകൾ പ്രവർത്തനക്ഷമമാണോയെന്ന് പരിശോധിച്ച് ഉറപ്പു വരുത്തി റിപ്പോർട്ട് സമർപ്പിക്കേണ്ടതാണ്. ( **നടപടി : ഇറിഗേഷൻ വകുപ്പ് എക്സിക്യൂട്ടീവ് എഞ്ചിനീയർ ഉദ്യോഗസ്ഥർ, കെ.എൽ.ഡി.സി** )

6. ജില്ലയിൽ അപകടാവസ്ഥയിലുള്ള കെട്ടിടങ്ങളിൽ ആളുകൾ താമസിക്കുന്നില്ല എന്ന് ഉറപ്പു വരുത്തേണ്ടതും അത്തരം കെട്ടിടങ്ങളുടെ താഴെ പകലോ രാത്രികാലങ്ങളിലോ ആളുകൾ കിടക്കുന്നില്ലെന്ന് ഉറപ്പു വരുത്തേണ്ടതുമാണ്. കൂടാതെ ശക്തമായ മഴയുള്ള സമയങ്ങളിൽ അത്തരം കെട്ടിടങ്ങളുടെ താഴെ ആളുകൾ നിൽക്കുന്നില്ലെന്ന് ഉറപ്പു വരുത്തേണ്ടതുമാണ് . ( **നടപടി : ജില്ലാ പോലീസ് മേധാവി, തൃശ്ശൂർ, എല്ലാ തദ്ദേശ സ്വയംഭരണ സ്ഥാപന സെക്രട്ടറിമാർക്കും** )

7. ജില്ലയിലെ പാതയോരങ്ങളിൽ അപകടകരമാം വിധത്തിലുള്ള ബാനറുകളോ ബോർഡുകളോ ഉണ്ടെങ്കിൽ ആയത് നീക്കം ചെയ്യുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്. ( **നടപടി : പൊതുമരാമത്ത് വകുപ്പ് , ജില്ലാ പോലീസ് മേധാവി.** )

8. ജില്ലയിൽ പാതയോരങ്ങളിലെ കുഴികൾ പൂർവ്വസ്ഥിതിയിലാക്കുന്നതിനുള്ള നടപടികൾ അടിയന്തരമായി സ്വീകരിക്കേണ്ടതാണ്.
( **നടപടി : പൊതുമരാമത്ത് വകുപ്പ് റോഡ്സ് വിഭാഗം.** )

9. ഏതെങ്കിലും തരത്തിലുള്ള നിർമ്മാണ പ്രവർത്തനങ്ങളുമായി ബന്ധപ്പെട്ടോ മറ്റോ കലുങ്കുകൾ , പാലങ്ങൾ എന്നിവക്ക് സമീപം കൂട്ടിയിട്ടിരിക്കുന്നതോ ആയ മണ്ണ്, മറ്റ് സാധന സാമഗ്രികൾ എന്നിവ

ശക്തമായ മഴയുള്ള സമയത്ത് കലുങ്കുകളിലൂടെയുള്ള ജലനിർഗ്ഗമനത്തിനും , പാലങ്ങളുടെ അടിയിലൂടെയുള്ള ജലനിർഗ്ഗമനത്തിനും തടസ്സം സൃഷ്ടിക്കുവാൻ സാധ്യതയുള്ളതിനാൽ ആയത് അടിയന്തരമായി നീക്കം ചെയ്യുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ് . ( **നടപടി : പൊതുമരാമത്ത് വകുപ്പ്, തദ്ദേശസ്വയംഭരണ സ്ഥാപന മേധാവികൾ.** )

യോഗം 11.10 ന് അവസാനിച്ചു.

**ജില്ലാ കളക്ടർ**
**SHANAVAS S, DC**

**DCTSR, O/O DC DCTSR**

സ്വീകർത്താവ് :

1. യോഗത്തിൽ പങ്കെടുത്തവർക്ക്
2. ബന്ധപ്പെട്ട ഉദ്യോഗസ്ഥർക്കും.

Signature valid

Digitally signed by SHANAVAS S
Date: 2020.05.22 05:06:42 PDT
Reason: Approved